പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2523 — 18.06.2014 ൽ മറുപടിക്ക്.

## ടെക് സ്റ്റൈൽ ഷോപ്പിലെ സ്ത്രീജീവനക്കാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അജിത് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ വിവിധ ടെക്സ്റ്റൈൽ ഷോപ്പുകളിലായി എത്ര സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം 21.05.2014 മുതൽ 15.06.2014 വരെ സംസ്ഥാന വ്യാപകമായി ടെക്സ്റ്റൈൽ ഷോപ്പുകളിലും തുണിക്കടകളിലും സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തിയപ്പോൾ 712 സ്ഥാപനങ്ങളിലായി 13,910 സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മിനിമം കൂലി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ബി) ടെക്സ്റ്റൈൽ സ്ഥാപനങ്ങളിലെ തൊഴിലാളികളെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് അവർക്ക് ലഭിക്കുന്നുണ്ടെന്ന് പരിശോധനാ വേളയിൽ ഉറപ്പ് വരുത്താറു ണ്ട്. മിനിമം വേതനം നൽ കാത്ത തൊഴിലുടമ കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നു മുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ വേതനം ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി വേതന സുരക്ഷാ പദ്ധതി (വേജ് പ്രൊട്ടക്ഷൻ സിസ്റ്റം) നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തൊഴിൽ വകുപ്പ് സ്വീകരിച്ചു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി, തൊഴിൽ വകുപ്പിലെ |

ഇൻസ്പെക്ടർമാർക്ക് 1948–ലെ മിനിമം വേതന നിയമ പ്രകാരവും 1936–ലെ വേതനം കൊടുക്കൽ നിയമ പ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യ സമയത്ത് തൊഴിലാളികൾക്ക് നൽകുന്നുണ്ടോ എന്ന് ഓൺ ലൈനായി പരിശോധിക്കുവാനും, ഇതിൽ വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വികരിക്കാനും കഴിയും.

(സി) ടെക്സ്റ്റൈൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ ഇരുന്നു ജോലി ചെയ്യുന്നതിനുള്ള അവകാശത്തിനായി സമരം ചെയ്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ടെക്സ്റ്റൈൽ ഷോപ്പുകളിൽ ഇരിക്കാൻ അനുവദിക്കാതിരിക്കുന്നത് മനുഷ്യാവകാശ ലംഘനമായി കണക്കാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം, സംസ്ഥാന വ്യാപകമായി ഇൻസ്പെക്ഷനുകൾ നടത്തി തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും, നിയമ ലംഘനങ്ങൾക്കെതിരെ, നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി. പരിശോധന നടത്തിയ ടെക്സ്റ്റൈൽ ഷോപ്പുകളിൽ തൊഴിലാളികൾക്ക് ഇരിക്കാനുള്ള ഇരിപ്പിടങ്ങൾ തൊഴിൽ സ്ഥലങ്ങളിലെ വിശ്രമ മുറികളിൽ നൽകിയിട്ടുള്ളതായി കാണാൻ കഴിഞ്ഞു. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം പരമാവധി ജോലി സമയം 'Spread over' – 10 ½ മണിക്കൂറിന് (ഇടവേള/ വിശ്രമവേള ഉൾപ്പെടെ നിജപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളിക്ക് അർഹതപ്പെട്ട 'rest interval' ലഭിക്കുന്നുണ്ടോ എന്ന കാര്യം തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ ഉറപ്പ് വരുത്തുന്നുണ്ട്.

സെക്ഷൻ ആഫീസർ.